LIBRARY ARCHIVES Kerala Legislative Assembly

## വ്യാജ സർട്ടിഫിക്കറ്റുകൾ ഉപയോഗിച്ച് ചികിൽസ നടത്തുന്ന ആശുപത്രികൾ

* 5 [155] ശ്രീ. പി. കെ. കെ. ബാവ:

,, യു. സി. രാമൻ:

,, വി. കെ. ഇബ്രാഹിംകുഞ്ഞ്:

,, പി. കെ. അബ്ദുറബ്ബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാജസർട്ടിഫിക്കറ്റുകൾ ഉപയോഗിച്ച് ചികിൽസ നടത്തുന്ന ആശുപത്രികൾ കേരളത്തിൽ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇത്തരം സ്ഥാപനങ്ങൾക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഏതെല്ലാം സ്ഥാപനങ്ങൾക്കെതിരെ എന്തു നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ:)

(എ) ഉണ്ട്.

(ബി ആന്റ് സി) ഉണ്ട്.

മോഡേൺ മെഡിസിൻ

1. തിരുവനന്തപുരം ജില്ലയിൽ പള്ളിച്ചൽ, പുന്നമൂട് എന്ന സ്ഥലത്ത് 'വിൽസ് ഹോസ്പിറ്റൽ' നടത്തിവന്ന വ്യാജഡോക്ടർക്കെതിരെ നടപടി സ്വീകരിച്ച് ആശുപത്രി നിർത്തലാക്കി.

2. നെടുമങ്ങാട് ചുള്ളിമാനൂർ എന്ന സ്ഥലത്ത് വ്യാജ ഡിഗ്രി പ്രദർശിപ്പിച്ച് 'അനശ്വര ഹോസ്പിറ്റൽ' എന്ന സ്ഥാപനം നടത്തിവന്ന ഡോക്ടർക്ക് താക്കീത് നൽകി യഥാർത്ഥ യോഗ്യത മാത്രം പ്രദർശിപ്പിച്ച് ചികിത്സ നടത്താൻ നിർദ്ദേശം നൽകി.

3. മറ്റ് രണ്ട് വ്യാജ ഡോക്ടർമാർക്കെതിരെ നടപടി സ്വീകരിച്ചുവരുന്നു.

ആയുർവേദം

ആയുർവേദ വിഭാഗത്തിൽ 9 പരാതികൾ ലഭിച്ചിട്ടുണ്ട്.

1. കിളിമാനൂരിൽ മനു ക്ലിനിക്ക് നടത്തി വന്ന ആൾക്കെതിരെ നടപടി സ്വീകരിക്കുവാൻ പോലീസ് വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

2. കണ്ണൂരിൽ 'കൈലാസം' മെഡിക്കൽ സെന്ററിനെതിരായ പരാതി മേൽ നടപടികൾ സ്വീകരിക്കുന്നതിനായി പോലീസ് വകുപ്പിന് അയച്ചു കൊടുത്തിട്ടുണ്ട്.

3. ചെമ്പഴന്തി എസ്.എൻ. ഹോമിയോ ആയുർവേദ ഡിസ്പെൻസറി നടത്തിവന്ന വൈദ്യനെതിരെ രജിസ്ട്രേഷനില്ലാതെ ചികിൽസ നടത്തരുതെന്നും ചികിൽസ നടത്തുന്ന പക്ഷം നിയമനടപടി സ്വീകരിക്കുമെന്നും താക്കീത് നൽകിയിട്ടുണ്ട്.

മറ്റു ആറു പരാതികളിൽ നടപടി സ്വീകരിച്ചുവരുന്നു.

ഹോമിയോ മെഡിസിൻ

ഹോമിയോ വിഭാഗത്തിൽ 15 സ്ഥാപനങ്ങൾക്കെതിരെ പരാതികൾ ലഭിച്ചിട്ടുണ്ട്. കോട്ടയത്ത് ഇൻഡ്യൻ ഹോമിയോ മിഷൻ എന്ന പേരിൽ അംഗീകാരമില്ലാത്ത സ്ഥാപനം നടത്തുന്നതിനെതിരെ നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ട പോലീസ് അധികാരികളോട് ആവശ്യപ്പെട്ടിട്ടുണ്ട്. കോഴിക്കോട് നടക്കാവ് ബക്ഷി ക്ലിനിക്ക്, രാമനാട്ടുകരയിലെ രാജീവ് ക്ലിനിക്ക്, ബാലുശ്ശേരിയിലെ പാഗൽചന്ദ് ക്ലിനിക്ക്, അത്തോളിയിലെ അതുൽ ക്ലിനിക്ക്, കാരപ്പറമ്പിലെ അർച്ചന ക്ലിനിക്ക് തുടങ്ങിയവക്കെതിരെ ലഭിച്ച പരാതിയിൽ അന്വേഷിച്ച് മേൽനടപടി സ്വീകരിക്കുവാൻ പോലീസ് വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

ബാക്കി 9 പരാതികളിൽ നടപടി സ്വീകരിച്ചുവരുന്നു.

മറ്റുള്ളവ

മുകളിൽ പറഞ്ഞ വിഭാഗങ്ങളിലല്ലാതെ മറ്റു വിഭാഗങ്ങളിൽ ചികിൽസ നടത്തുന്നവർക്കെതിരായി 11 പരാതികൾ ലഭിച്ചിട്ടുണ്ട്. ഇതിൽ ഏഴു പരാതികൾ മേൽനടപടികൾക്കായി പോലീസ് മേധാവികൾക്ക് കൈമാറിയിട്ടുണ്ട്. മൂന്നു പരാതികൾ പരിശോധിച്ചുവരുന്നു. ഒരു പരാതിയിൽ കൗൺസിൽ രജിസ്ട്രേഷൻ എടുക്കുവാനായി ആവശ്യപ്പെട്ടിട്ടുണ്ട്.

തടവുകാർക്ക് പരോൾ അനുവദിക്കുന്നതിന്റെ വ്യവസ്ഥകൾ

* 6 [156] ശ്രീ. സാജുപോൾ:

,, എം. വി. ഗോവിന്ദൻ മാസ്റ്റർ:

,, പി. ജയരാജൻ:

,, ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജയിലുകളിലെ തടവുകാർക്ക് പരോൾ അനുവദിക്കുന്ന വ്യവസ്ഥകൾ ഉദാരമാക്കുന്നതിനെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യർ അദ്ധ്യക്ഷനായി രൂപീകരിച്ച സമിതിയുടെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചത് എന്നാണ്;

(ബി) റിപ്പോർട്ടിലെ ശുപാർശകൾ സർക്കാർ അംഗീകരിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിൻമേൽ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദവിവരം വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly